യിട്ടുണ്ട്. മുൻഗണന ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടും മാത്രമേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകുകയുള്ളൂ.

തീരദേശ പരിപാലന നിയമം

33 (1768) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് അവർ തലമുറകളായി വസിച്ചുവരുന്ന വസ്തുവിൽ ഭവനങ്ങൾ നിർമ്മിക്കുന്നതിന് തീരദേശ പരിപാലന നിയമം വിഘാതം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുള്ള പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീരദേശവാസികൾക്കും മത്സ്യബന്ധന സമൂഹത്തിലുള്ളവർക്കും വീടുകളുടെ നിർമ്മാണത്തിന് തീരദേശ പരിപാലന നിയമത്തിൽ നിന്ന് ചില ഇളവുകൾ അനുവദിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

34 (1769) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസത്തിനുശേഷം കോഴിക്കോട് ജില്ലയിൽ നിന്നുള്ള എത്ര അപേക്ഷകളിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി തീർപ്പ് കൽപ്പിച്ചു എന്നത് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ കോഴിക്കോട് ജില്ലയിൽ നിന്നു ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദ മാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ എന്നത്തേയ്ക്ക് തീർപ്പാക്കാനാകും;

(ഡി) യഥാസമയം അപേക്ഷകൾ തീർപ്പാക്കാത്തത് കാരണം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അവശ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന സഹായധനം വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തീരദേശ പരിപാലന അതോറിറ്റിയിലെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 235

(ബി) 347 അപേക്ഷകളിൽ നിയോജകമണ്ഡലം സൂചിപ്പിക്കാത്തതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ ലിസ്റ്റ് ക്രോഡീകരിച്ചിട്ടില്ല.

(സി) അതോറിറ്റിയിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് ഫയൽ തീർപ്പാക്കൽ പദ്ധതി ഫെബ്രുവരി 2016 ആദ്യവാരം മുതൽ നടന്നുവരുന്നു.

(ഡി) യഥാസമയം അപേക്ഷകൾ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുന്നതുവഴി ഇതിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ദേശീയ പെൻഷൻ പദ്ധതി

35 (1770) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2013 ഏപ്രിൽ മുതൽ ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് ?

ഉത്തരം

2016 ജനുവരി 31 വരെ ലഭ്യമായ കണക്കുകൾ പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ച ജീവനക്കാരിൽ 28,496 പേർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് അക്കൗണ്ട് നമ്പർ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly